# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4353      13/12/2018 ൽ മറുപടിക്ക്

**<u>ദേവസ്വം ബോർഡ് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം</u>**

ചോദ്യം

ശ്രീ.കെ.സി.ജോസഫ്
ശ്രീ.കെ.മുരളീധരൻ
ശ്രീ.അടൂർ പ്രകാശ്
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മഹേന്ദ്രൻ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് കേരള ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നോ; പ്രസ്തുത സത്യവാങ്മൂലത്തിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) യും (ബി) യും | നൽകിയിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് നൽകിയ സത്യവാങ്മൂലം ലഭ്യമല്ലയെന്ന് തിരുവിതാകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. 9015/1990-ാം നമ്പർ ഒ.പി. യിലെ 05.04.1991 ലെ വിധി പരിശോധിച്ചതിൽ 5,6,7,8 ഖണ്ഡികകളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നൽകിയ സത്യവാങ്മൂലം സംബന്ധിച്ചാണ് പരാമർശിച്ചി രിക്കുന്നത്. പരാതിക്കാരന് ഭരണ ഘടനയുടെ ആർട്ടിക്കിൾ 226 പ്രകാരം ഇങ്ങനെ ഒരു പരാതി ബോധിപ്പിക്കാൻ അവകാശമില്ലായെന്നും, ആചാരപര മായ കാര്യങ്ങൾ തീരുമാനിക്കേണ്ടത് ക്ഷേത്ര തന്ത്രിയാണെന്നും 41 ദിവസത്തെ വ്രതമെടുത്താണ് മുൻകാലങ്ങളിൽ ഭക്തർ ദർശനത്തിന് എത്തിയിരുന്നതെന്നും 1115 എം.ഇ-ൽ തിരുവിതാംകൂർ മഹാരാജാവ് മഹാറാണിയോടൊപ്പം ക്ഷേത്രദർശനം നടത്തിയിട്ടുണ്ടായിരുന്നുവെന്നും പണ്ട് കാലങ്ങളിൽ സ്ത്രീകൾ ക്ഷേത്രത്തിൽ ദർശനം നടത്തിയിരുന്നുവെന്നും എന്നാൽ വലിയതോതിൽ എത്തിയില്ലായിരുന്നുവെന്നും 1969-ൽ ധ്വജപ്രതിഷ്ഠയ്ക്ക് ശേഷം നിലവിലുള്ള രീതിയിൽ മാറ്റം വന്നു എന്നും 20 വർഷമായി മാസ പൂജ സമയങ്ങളിൽ സ്ത്രീകൾക്ക് പ്രവേശിക്കാമെന്നും എന്നാൽ മണ്ഡലം മകരവിളക്ക്, വിഷു സമയങ്ങളിൽ |
| (ബി) | ശബരിമലയിൽ പത്ത് മുതൽ അൻപതുവരെ പ്രായമുള്ള യുവതികൾക്ക് പ്രവേശനം നിഷേധിച്ച നടപടി കാലാകാലങ്ങളായി നിലനിൽക്കുന്ന ആചാരമല്ല എന്ന് സംസ്ഥാനം ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ ബോർഡ് അഭിപ്രായം അറിയിച്ചിരുന്നുവോ; | | |

| | | | |
|---|---|---|---|
| | | | അവരെ അനുവദിക്കാറില്ലായെന്നും ബോർഡ് പ്രസ്തുത സത്യവാങ്മൂലത്തിൽ ബോധിപ്പിച്ചിട്ടുള്ള തായി കാണുന്നു. |
| (സി) | ശബരിമലയിൽ പല സന്ദർഭങ്ങളിലും പത്തു മുതൽ അൻപതുവരെ പ്രായമുള്ള യുവതികൾ പ്രവേശിച്ചിരുന്നു എന്ന് സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിരുന്നോ; | (സി) | വിധിയുടെ 8-ാം ഖണ്ഡിക പരിശോധിച്ചതിൽ ശബരിമലയിൽ പല സന്ദർഭങ്ങളിലും പത്തു മുതൽ അൻപതുവരെ പ്രായമുള്ള യുവതികൾ പ്രവേശിച്ചിരുന്നു എന്ന് സത്യവാങ്മൂലത്തിൽ പരാമർശിച്ചിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട് |
| (ഡി) | സുപ്രീംകോടതിയിലെ ശബരിമല യുവതീ പ്രവേശന കേസിൽ പത്തു മുതൽ അൻപതുവരെ പ്രായമുള്ള യുവതികൾക്ക് പ്രവേശനം അനുവദിക്കാൻ പാടില്ല എന്ന നിലപാട് സ്വീകരിച്ച ബോർഡ് മഹേന്ദ്രൻ കേസിൽ ഹൈക്കോടതി മുമ്പാകെ നൽകിയ സത്യവാങ്മൂലത്തിലെ അവ്യക്തത സുപ്രീംകോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ടോ; | (ഡി) | സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ ഈ വിഷയങ്ങൾ പരാമർശിച്ചിട്ടില്ല. |
| (ഇ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് മഹേന്ദ്രൻ കേസിൽ നൽകിയ സത്യവാങ്മൂലം ശബരിമല കേസിലെ സുപ്രീംകോടതി വിധികളെ സ്വാധിനിച്ചതായി കരുതുന്നുണ്ടോ? | (ഇ) | ശബരിമല കേസിലെ സുപ്രീം കോടതി വിധിയിൽ ഭരണഘടന അനുവദിക്കുന്ന തുല്യ നീതിയെ സംബന്ധിച്ചാണ് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാൽ മഹേന്ദ്രൻ കേസിലെ സത്യവാങ്മൂലം സുപ്രീം കോടതി വിധിയെ സ്വാധീനിച്ചതായി കരുതാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ